## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2488 — 18.02.2016-ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;<br>(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) | 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ പ്രകാരം നാളിതുവരെ ഇതര സംസ്ഥാന തൊഴിലാളികളായ 52,422 പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. |
| (സി) തൊഴിലാളികളെന്ന ഭാവത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദികളും ക്രിമിനൽ കുറ്റവാളികളും മോഷ്ടാക്കളും മറ്റും കേരളത്തിൽ എത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) എങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) & (ഡി) | ഇതര സംസ്ഥാന തൊഴിലാളികൾ എന്ന വ്യാജേന ഇതര സംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദികളും, ക്രിമിനൽ കുറ്റവാളികളും, മോഷ്ടാക്കളും മറ്റും എത്തുന്നത് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗത്തിൽനിന്നുള്ളതും, നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയിൽ നിന്നുമുള്ള മുന്നറിയിപ്പ് വിവരങ്ങളും കുറ്റവാളികളുടെ വിവരങ്ങളും ശേഖരിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകൾ, തൊഴിൽ ശാലകൾ, ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ